കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ല - എടപ്പാൾ ഉപജില്ല കലോത്സവം – എടപ്പാൾ ഉപജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്

സ.ഉ.(സാധാ) നം. 3254/2017/തസ്വഭവ തിരുവനന്തപുരം, തീയതി: 10/10/2017

പരാമർശം:- 1. തവനൂർ എം.ജി.വി.എച്ച്.എസ്.എസ് പ്രൻസിപ്പാളിന്റെ 20/09/2017 ലെ കത്ത്.
2. സ.ഉ.(സാധാ)58/06/തസ്വഭവ തീയതി 16/02/2006.

ഉത്തരവ്

തവനൂർ എം.ജി.വി.എച്ച്.എസ്. സ്കൂളിൽ വച്ച് നടക്കുന്ന എടപ്പാൾ ഉപജില്ല കലോത്സവ ഫണ്ടിലേയ്ക്കായി തവനൂർ, കാലടി, എടപ്പാൾ, നന്നംമുക്ക്, വട്ടംകുളം, ആലംകോട് എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിന്നും പൊന്നാനി, പെരുമ്പടപ്പ് എന്നീ ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും സാമ്പത്തിക സഹായം നൽകുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം (1) ലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തവനൂർ എം.ജി.വി.എച്ച്.എസ്. സ്കൂളിൽ വച്ച് നടക്കുന്ന എടപ്പാൾ ഉപജില്ല കലോത്സവത്തിന്റെ സംഘാടന ചെലവുകൾക്കായി മലപ്പുറം ജില്ലയിലെ തവനൂർ, കാലടി, എടപ്പാൾ, നന്നംമുക്ക്, വട്ടംകുളം, ആലംകോട് എന്നീ ഗ്രാമപഞ്ചായത്തുകളുടെ തനത ഫണ്ടിൽ നിന്നും 25000/- (ഇരുപത്തി അയ്യായിരം രൂപ മാത്രം) രൂപ വീതം സംഭാവന നൽകുന്നതിന് അവരുടെ കമ്മിറ്റി തീരുമാനത്തിനും പരാമർശം (2) ലെ ഉത്തരവിലെ വ്യവസ്ഥകൾക്കും വിധേയമായി യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

സംഭാവന നൽകുന്ന ഗ്രാമപഞ്ചായത്തുകൾക്ക് എടപ്പാൾ ഉപജില്ല കലോത്സവ ജനറൽ കൺവീനർ (പ്രിൻസിപ്പാൾ, കെ.എം.ജി.വി.എച്ച്.എസ്.എസ് തവനൂർ) ആഡിറ്റ് ചെയ്ത വരവ് ചെലവുകളുടെ അടിസ്ഥാനത്തിൽ ധന വിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
സിനി ജെ. ഷുക്കൂർ
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം മുഖേന)
പ്രിൻസിപ്പാൾ, കെ.എം.ജി.വി.എച്ച്.എസ്.എസ് തവനൂർ, മലപ്പുറം - 679573
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, എടപ്പാൾ
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ